# പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2209 — 11.02.2020-ൽ മറുപടിയ്ക്ക്

**പുന്നപ്ര വികലാംഗ ക്ഷേമ കോർപ്പറേഷന്റെ കീഴിലുള്ള പഞ്ചായത്ത് കെട്ടിടം**

ചോദ്യം — മറുപടി

ശ്രീ.ആർ. രാജേഷ്

കെ.കെ.ശൈലജ ടീച്ചർ
(ആരോഗ്യവും സാമൂഹ്യനീതിയും
വനിത-ശിശു വികസനവും വകുപ്പ് മന്ത്രി)

| | |
|---|---|
| (എ)ആലപ്പുഴ ജില്ലയിൽ പുന്നപ്ര വടക്ക് പഞ്ചായത്തിൽ ഒന്നാം വാർഡിൽ ജില്ലാ പഞ്ചായത്ത് വക വസ്തുവും കെട്ടിടവും വികലാംഗ ക്ഷേമ കോർപ്പറേഷന്റെ വികലാംഗ സഹായ യന്ത്ര നിർമ്മാണത്തിനായി കൈമാറിയത് എന്നായിരുന്നു.; | (എ) 24.3.2008 ലെ കരാർ പ്രകാരമാണ് കെട്ടിടം വികലാംഗക്ഷേമ കോർപ്പറേഷന് നൽകിയത്. |
| (ബി)പ്രസ്തുത സ്ഥാപനം പ്രവർത്തനരഹിതമായിട്ട് എത്ര വർഷമായി എന്ന് വ്യക്തമാക്കാമോ ; | (ബി) 7 വർഷം. |
| (സി)ഈ സ്ഥാപനം ഒഴിഞ്ഞ് തരണമെന്ന് കാണിച്ച് ജില്ലാ പഞ്ചായത്ത് വികലാംഗ ക്ഷേമ കോർപ്പറേഷന് എത്ര കത്തുകൾ നൽകിയിരുന്നു ; കത്തുകളുടെ കോപ്പി ലഭ്യമാക്കുമോ; | (സി) 2 കത്തുകൾ. കത്തുകളുടെ പകർപ്പ് അനുബന്ധം I ആയി ചേർക്കുന്നു . |
| (ഡി) കെട്ടിടം ഒഴിഞ്ഞു തരുന്നതിന് സമ്മതമറിയിച്ചുകൊണ്ട് വികലാംഗക്ഷേമ കോർപ്പറേഷൻ ജില്ലാ പഞ്ചായത്തിന് കത്ത് നൽകിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ കോപ്പി ലഭ്യമാക്കുമോ; | (ഡി) ഉണ്ട്. പകർപ്പ് അനുബന്ധം II ആയി ചേർക്കുന്നു. |
| (ഇ) പ്രസ്തുത സ്ഥാപനം ദീർഘനാളായി പ്രവർത്തന രഹിതമായതിനാലും ആവശ്യമായ അറ്റകുറ്റപ്പണികൾ നടത്താതിരുന്നതിനാലും മേൽക്കൂര തകർന്ന് കെട്ടിടം നാശോന്മുഖമായിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഇ) ഉണ്ട്. |
| (എഫ്) പ്രസ്തുത സ്ഥാപനം വൈദ്യുതി ചാർജ്ജ് വാട്ടർചാർജ്ജ് ഇനത്തിൽ കുടിശ്ശിക വരുത്തിയിട്ടുണ്ടോ; വിവരങ്ങൾ ലഭ്യമാക്കുമോ; | എഫ്) വിവരങ്ങൾ ശേഖരിച്ചു നൽകുന്നതാണ്. |
| (ജി) എത്രയും വേഗം സ്ഥാപനം ഒഴിഞ്ഞുകൊടുത്ത് പ്രസ്തുത കെട്ടിടവും വസ്തുവും തിരികെ ജില്ലാപഞ്ചായത്തിന് കൈമാറുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ ? | ജി) സ്ഥാപനം ഒഴിഞ്ഞു കൊടുക്കുന്നതിന് സമ്മതം അറിയിച്ചു കൊണ്ട് കേരള സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ ജില്ലാ പഞ്ചായത്തിന് കത്ത് നൽകിയിട്ടുണ്ട് |

Jasmin Thomas

സെക്ഷൻ ഓഫീസർ

സെക്ഷൻ ഓഫീസർ

2314/2013/HPWC

# ആലപ്പുഴ ജില്ലാ പഞ്ചായത്ത്

കളക്ട്രേറ്റ്. പി. ഒ., ആലപ്പുഴ.

നംബർ : A4-2598/07 തീയതി : 25/04/2013.

**ഓർമ്മക്കുറിപ്പ്**

സെക്രട്ടറി

മാനേജിംഗ് ഡയറക്ടർ
കേരള സംസ്ഥാന വികലാംഗ-
ക്ഷേമകോർപ്പറേഷൻ ലിമിറ്റഡ്
പൂജപ്പുര
തിരുവനന്തപുരം.695 012

സർ,

വിഷയം: ആലപ്പുഴജില്ലാ പഞ്ചായത്ത് - വികലാംഗസഹായോപകരണ-
നിർമ്മാണശാല ഏറ്റെടുക്കുന്നത്- സംബന്ധിച്ച്
സൂചന: താങ്കളുടെ 04-04-2013 ലെ 656/2013/വികലാംഗക്ഷേമ-
കോർപ്പറേഷൻ നമ്പർ കത്ത്
2.ഈ ഓഫീസിൽ നിന്നുള്ള 25/04/13 ലെ ഇതേ നമ്പർ കത്ത്.

സൂചനകളിലേയ്ക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിച്ചുകൊള്ളുന്നു. ആലപ്പുഴ ജില്ലാ പഞ്ചായത്തിൻെറയും വികലാംഗക്ഷേമകോർപ്പറേഷൻെറയും സംയുക്തസംരഭമായി ആലപ്പുഴയിലെ വാടയ്ക്കൽ പ്രവർത്തിച്ചിരുന്ന ഉപകരണനിർമ്മാണയൂണിറ്റ് ഏറ്റെടുത്തു നടത്തുവാൻ ആലപ്പുഴ ജില്ലാ പഞ്ചായത്ത് യോഗം തീരുമാനിക്കുകയും വിവരം സൂചന(2)പ്രകാരം താങ്കളെ അറിയിക്കുകയും ചെയ്തിരുന്നു. എന്നാൽ നാളിതുവരെ ടി വിഷയം സംബന്ധിച്ച് യാതൊരു മറുപടിയും ഈ ഓഫീസിൽ ലഭിച്ചിട്ടില്ല. ആയതിനാൽ ഇത് സംബന്ധിച്ച വിവരങ്ങൾ ഈ ഓഫീസിൽ അറിയിക്കുവാൻ താല്പര്യപ്പെടുന്നു.

വിശ്വസ്തതയോടെ

സെക്രട്ടറി

D:\kpj\A-4\A.4-2598-07 dt.25-04-13.docCreated on 25/04/2013 16:48:00

1114/2017/ H/pwc

G. VENUGOPAL
President
District Panchayath
Alappuzha
Phone : 0477-2253836
Website: www.alappuzhadp.org
E-mail: dpalpy@gmail.com

Anadiyil
Muhamma P. O.
Alappuzha
Mob: 9446564463

Date ..................

1 ... 2017

27-07-2017

**മാനേജിംഗ് ഡയറക്ടർ**
**കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ**
**തിരുവനന്തപുരം.**

സർ,

വിഷയം : 2007-08- വാർഷിക പദ്ധതി - വികലാംഗ സഹായ ഉപകരണ നിർമ്മാണം - പ്രവർത്തനം സംബന്ധിച്ച്.

സൂചന : പ്രോജക്ട് ഓഫീസർ, ജില്ലാ ഖാദിഗ്രാമ വ്യവസായ ഓഫീസ് ആലപ്പുഴയുടെ 03-06-2016 ലെ എ5-342/07 നം കത്ത്

2007-08 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി വികലാംഗ സഹായ ഉപകരണങ്ങൾ നിർമ്മിക്കുന്നതിനായുള്ള പദ്ധതി വികലാംഗക്ഷേമ കോർപ്പറേഷൻ മുഖേന നടപ്പാക്കിയിരുന്നു. ഈ സ്ഥാപനം നടത്തുന്നതിനായുള്ള കെട്ടിടം ഖാദിഗ്രാമ വ്യവസായ ബോർഡിൽ നിന്നും വിട്ടുനൽകിയിരുന്നതാണ്. എന്നാൽ ഇപ്പോൾ ഈ സ്ഥാപനം പ്രവർത്തനക്ഷമമല്ലാത്ത സ്ഥിതിയിലാണ്. അതിനാൽ ഈ കെട്ടിടത്തിന്റെ താക്കോൽ അടിയന്തിരമായി തിരികെ ഏൽപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

കൂടാതെ ഈ സ്ഥാപനം പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ സ്ഥല സൗകര്യം മുഹമ്മ ഗ്രാമപഞ്ചായത്തിൽ ലഭ്യമാണ്. ആയതിനാൽ എത്രയും വേഗം ടി സ്ഥാപനം മാറ്റി സ്ഥാപിച്ച് വികലാംഗക്ഷേമത്തിന് ഉപകരിക്കത്തക്ക വിധത്തിൽ സ്ഥാപനം പ്രവർത്തിപ്പിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

വിശ്വസ്തതയോടെ,

(signed)

ജി. വേണുഗോപാൽ

അനുബന്ധം II

നമ്പർ: 656/2013/വി.ക്ഷേ.കോ. 27-02-2013

സെക്രട്ടറി,
ആലപ്പുഴ ജില്ലാ പഞ്ചായത്ത്,
കളക്ടറേറ്റ്.പി.ഒ.,
ആലപ്പുഴ.

സർ,

വിഷയം:- വികലാംഗക്ഷേമ കോർപ്പറേഷൻ - 2012-13 - ആലപ്പുഴയിലെ വികലാംഗ സഹായ ഉപകരണ നിർമ്മാണശാലയുടെ പ്രവർത്തനം സംബന്ധിച്ച്.

സൂചന:- താങ്കളുടെ 16-02-2013 ലെ എ4-2598/07 നമ്പർ കത്ത്.

മേൽ സൂചന കത്തിലേക്ക് ശ്രദ്ധ ക്ഷണിച്ചുകൊള്ളുന്നു. ആലപ്പുഴ വാടയ്ക്കലിൽ പ്രവർത്തിച്ചിരുന്ന വികലാംഗ സഹായ ഉപകരണ നിർമ്മാണ യൂണിറ്റ് വൻനഷ്ടത്തിലാണ് പ്രവർത്തിച്ചു വന്നിരുന്നത്. കോർപ്പറേഷന് ഈ യൂണിറ്റ് പ്രവർത്തിപ്പിക്കുവാനോ ജീവനക്കാരുടെ ശംബളം ഉൾപ്പെടെയുള്ള ചെലവുകൾക്ക് യാതൊരുവിധ ഫണ്ടും സർക്കാരിൽ നിന്നോ, മറ്റിതര സ്ഥാപനങ്ങളിൽ നിന്നോ ലഭിക്കുന്നില്ല. കോർപ്പറേഷന്റെ ഇപ്പോഴത്തെ അവസ്ഥയിൽ യൂണിറ്റ് തുടർന്ന് നടത്തുവാനുള്ള സാമ്പത്തിക സ്രോതസ്സുകൾ ഒന്നും തന്നെ ഇല്ലാത്ത സാഹചര്യമാണ്. ആയതിനാലാണ് ആലപ്പുഴയിൽ നിന്നും മാറ്റി കാസർഗോഡ് ജില്ലാ പഞ്ചായത്തിന് ഏൽപിക്കുവാൻ തീരുമാനിച്ചത്. കാസർഗോഡ് ജില്ലാ പഞ്ചായത്ത് സഹായ ഉപകരണ നിർമ്മാണ യൂണിറ്റിന്റെ പൂർണ്ണ ചുമതല ഏറ്റെടുത്ത് നടത്തിക്കൊള്ളാമെന്ന് അറിയിച്ചിട്ടുണ്ട്.

കോർപ്പറേഷന്റെ ആലപ്പുഴയിലെ വികലാംഗ സഹായ ഉപകരണ നിർമ്മാണ യൂണിറ്റ് ആലപ്പുഴ ജില്ലാ പഞ്ചായത്ത് ഏറ്റെടുത്ത് നടത്താൻ തയ്യാറാണെങ്കിൽ ടി യൂണിറ്റ് പഞ്ചായത്തിന് വിട്ടു നൽകുവാൻ കോർപ്പറേഷൻ തയ്യാറാണ് ഈ കാര്യത്തിൽ പഞ്ചായത്തിന്റെ അഭിപ്രായം അടിയന്തിരമായി കോർപ്പറേഷനെ അറിയിക്കേണ്ടതാണ്. കൂടാതെ യൂണിറ്റിലുൽപാദിപ്പിക്കുന്ന ഗുണനിലവാരമുള്ള ഉപകരണങ്ങൾ കോർപ്പറേഷൻ ന്യായമായ വിലയ്ക്ക് വാങ്ങി കൊള്ളാമെന്ന് സന്തോഷപൂർവ്വം അറിയിക്കുന്നു.

വിശ്വസ്തതയോടെ,

മാനേജിംഗ് ഡയറക്ടർ

Gasin Thomas

4

നമ്പർ: 656/2013/വി.ക്ഷേ.കോ. 04-04-2013

സെക്രട്ടറി,
ആലപ്പുഴ ജില്ലാ പഞ്ചായത്ത്,
കളക്ടറേറ്റ്.പി.ഒ.,
ആലപ്പുഴ.

സർ,

വിഷയം:- വികലാംഗക്ഷേമ കോർപ്പറേഷൻ - 2012-13 - ആലപ്പുഴയിലെ വികലാംഗ സഹായ ഉപകരണ നിർമ്മാണശാലയുടെ പ്രവർത്തനം സംബന്ധിച്ച്.

സൂചന:- 1) താങ്കളുടെ 16-02-2013 ലെ എ4-2598/07 നമ്പർ കത്ത്.

2) ഈ ആഫീസിലെ 27-02-2013 ലെ ഇതേ നമ്പർ കത്ത്.

മേൽ സൂചന (2) കത്തിലേക്ക് ശ്രദ്ധ ക്ഷണിച്ചുകൊള്ളുന്നു. വികലാംഗക്ഷേമ കോർപ്പറേഷന്റെ ആലപ്പുഴയിൽ പ്രവർത്തിച്ചിരുന്ന ഉപകരണ നിർമ്മാണ യൂണിറ്റ് ആലപ്പുഴ ജില്ലാ പഞ്ചായത്ത് ഏറ്റെടുത്തു നടത്തുവാൻ താൽപര്യമാണെങ്കിൽ ടി യൂണിറ്റ് ജില്ലാ പഞ്ചായത്തിന് വിട്ടു നൽകുവാൻ കോർപ്പറേഷൻ തയ്യാറാണെന്നും ഇക്കാര്യത്തിൽ ജില്ലാ പഞ്ചായത്തിന്റെ അഭിപ്രായം അടിയന്തിരമായി കോർപ്പറേഷനെ അറിയിക്കണമെന്നും ആവശ്യപ്പെട്ടിരുന്നു. എന്നാൽ നാളിതുവരെ ജില്ലാ പഞ്ചായത്തിൽ നിന്നും യാതൊരു മറുപടിയും ലഭിക്കാത്തതിനാൽ പഞ്ചായത്തിന്റെ അഭിപ്രായം എത്രയും വേഗം കോർപ്പറേഷനെ അറിയിക്കുവാൻ അഭ്യർത്ഥിക്കുന്നു.

വിശ്വസ്തതയോടെ,

മാനേജിംഗ് ഡയറക്ടർ

നമ്പർ: 656/2013/വി.ക്ഷേ.കോ. 29-08-2013

സെക്രട്ടറി,
ആലപ്പുഴ ജില്ലാ പഞ്ചായത്ത്,
കളക്ടറേറ്റ്.പി.ഒ.,
ആലപ്പുഴ.

സർ,

വിഷയം:- വികലാംഗക്ഷേമ കോർപ്പറേഷൻ - 2013-14 - ആലപ്പുഴയിലെ വികലാംഗ സഹായ ഉപകരണ നിർമ്മാണശാല ഏറ്റെടുക്കുന്നത് - സംബന്ധിച്ച്.

സൂചന:- താങ്കളുടെ 25-04-2013 ലെ എ4-2598/07 നമ്പർ കത്ത്.

മേൽ സൂചനയിലേക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിച്ചു കൊള്ളുന്നു. വികലാംഗക്ഷേമ കോർപ്പറേഷന്റേയും ആലപ്പുഴ ജില്ലാ പഞ്ചായത്തിന്റേയും സംയുക്താഭിമുഖ്യത്തിൽ പ്രവർത്തിച്ചിരുന്ന ഉപകരണ നിർമ്മാണ യൂണിറ്റ് ഏറ്റെടുത്തു നടത്തുവാൻ ജില്ലാ പഞ്ചായത്ത് യോഗം തീരുമാനിച്ചതായി അറിയിച്ചിരുന്നു. പ്രസ്തുത തീരുമാനം 22-07-2013 ലെ വികലാംഗക്ഷേമ കോർപ്പറേഷൻ ഡയറക്ടർ ബോർഡ് യോഗം അംഗീകരിച്ചിട്ടുണ്ട്. ആയതിനാൽ ആലപ്പുഴയിൽ പ്രവർത്തിക്കുന്ന ഉപകരണ നിർമ്മാണ യൂണിറ്റ് ഇപ്പോൾ ഉള്ള അവസ്ഥയിൽ പൂർണ്ണമായും ആലപ്പുഴ ജില്ലാ പഞ്ചായത്തിന് വിട്ട് നൽകുവാൻ കോർപ്പറേഷൻ തയ്യാറാണെന്നും, ജില്ലാ പഞ്ചായത്ത് അറിയിക്കുന്ന ദിവസം യൂണിറ്റിന്റെ താക്കോൽ പഞ്ചായത്ത് സെക്രട്ടറിക്ക് കൈമാറുവാൻ തയ്യാറാണെന്നുമുള്ള വിവരം അറിയിച്ചു കൊള്ളുന്നു.

വിശ്വസ്തതയോടെ,

മാനേജിംഗ് ഡയറക്ടർ

Reg. with. No. 6

**ഓർമ്മക്കുറിപ്പ്**

നമ്പർ: 656/2013/വി.ക്ഷേ.കോ. 24-09-2013

സെക്രട്ടറി,
ആലപ്പുഴ ജില്ലാ പഞ്ചായത്ത്,
കളക്ടറേറ്റ്.പി.ഒ.,
ആലപ്പുഴ.

സർ,

വിഷയം:- വികലാംഗക്ഷേമ കോർപ്പറേഷൻ - 2013-14 - ആലപ്പുഴയിലെ വികലാംഗ സഹായ ഉപകരണ നിർമ്മാണശാല ഏറ്റെടുക്കുന്നത് - സംബന്ധിച്ച്.

സൂചന:- താങ്കളുടെ 25-04-2013 ലെ എ4-2598/07 നമ്പർ കത്ത്.

മേൽ സൂചനയിലേക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിച്ചു കൊള്ളുന്നു. വികലാംഗക്ഷേമ കോർപ്പറേഷന്റേയും ആലപ്പുഴ ജില്ലാ പഞ്ചായത്തിന്റേയും സംയുക്താഭിമുഖ്യത്തിൽ പ്രവർത്തിച്ചിരുന്ന ഉപകരണ നിർമ്മാണ യൂണിറ്റ് ഏറ്റെടുത്തു നടത്തുവാൻ ജില്ലാ പഞ്ചായത്ത് യോഗം തീരുമാനിച്ചതായി അറിയിച്ചിരുന്നു. പ്രസ്തുത തീരുമാനം 22-07-2013 ലെ വികലാംഗക്ഷേമ കോർപ്പറേഷൻ ഡയറക്ടർ ബോർഡ് യോഗം അംഗീകരിച്ചിട്ടുണ്ട്. ആയതിനാൽ ആലപ്പുഴയിൽ പ്രവർത്തിക്കുന്ന ഉപകരണ നിർമ്മാണ യൂണിറ്റ് ഇപ്പോൾ ഉള്ള അവസ്ഥയിൽ പൂർണ്ണമായും ആലപ്പുഴ ജില്ലാ പഞ്ചായത്തിന് വിട്ട് നൽകുവാൻ കോർപ്പറേഷൻ തയ്യാറാണെന്നും, ജില്ലാ പഞ്ചായത്ത് അറിയിക്കുന്ന ദിവസം യൂണിറ്റിന്റെ താക്കോൽ പഞ്ചായത്ത് സെക്രട്ടറിക്ക് കൈമാറുവാൻ തയ്യാറാണെന്നുമുള്ള വിവരം അറിയിച്ചു കൊള്ളുന്നു.

വിശ്വസ്തതയോടെ,

(signature)

മാനേജിംഗ് ഡയറക്ടർ

Jasmin Thomas

KERALA STATE
HANDICAPPED PERSONS'
WELFARE CORPORATION LTD.
A Government of Kerala Undertaking

150 YEARS OF CELEBRATING THE MAHATMA

0471 234 7768, 7152, 7153, 7156 P
ks_kshpwc@yahoo.com | kshpwc@kerala.gov.in E
www.hpwc.kerala.gov.in W

## ഓർമ്മക്കുറിപ്പ്

.No.656/ B3/2013/HPWC 22/01/2020

പ്രസിഡന്റ്
ആലപ്പുഴ ജില്ലാ പഞ്ചായത്ത്
കളക്ട്രേറ്റ് പി.ഒ
ആലപ്പുഴ

സർ,

വിഷയം:- കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ - ആലപ്പുഴയിലെ വികലാംഗ സഹായ ഉപകരണ നിർമ്മാണശാലയുടെ പ്രവർത്തനം - സംബന്ധിച്ച്

സൂചന :-
1. ആലപ്പുഴ ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 25.04.2013 ലെ എ4-2598/07 നമ്പർ കത്ത്
2. വികലാംഗക്ഷേമ കോർപ്പറേഷന്റെ 29.08.2013, 24.09.2013 എന്നീ തീയതികളിലെ നം.656/2013/വി.ക്ഷേ.കോ നമ്പർ കത്തുകൾ
3. താങ്കളുടെ 27.07.2017 ലെ കത്ത്
4. 03.08.2017 ലെ ഡയറക്ടർ ബോർഡ് തീരുമാനം

സൂചന (1) കത്ത് പ്രകാരം കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷന്റെയും, ആലപ്പുഴ ജില്ലാ പഞ്ചായത്തിന്റെയും സംയുക്ത ആഭിമുഖ്യത്തിൽ പ്രവർത്തിച്ചിരുന്ന ഉപകരണ നിർമ്മാണ യൂണിറ്റ് ഏറ്റെടുത്ത് നടത്തുവാൻ ആലപ്പുഴ ജില്ലാ പഞ്ചായത്ത് യോഗം തീരുമാനിച്ചിട്ടുണ്ട് എന്ന് അറിയിച്ചിരുന്നു. അതിനെ തുടർന്ന് പ്രസ്തുത തീരുമാനം കോർപ്പറേഷന്റെ ഡയറക്ടർ ബോർഡ് യോഗം അംഗീകരിക്കുകയും ആലപ്പുഴയിൽ പ്രവർത്തിച്ചിരുന്ന ഉപകരണ നിർമ്മാണ യൂണിറ്റ് ഇപ്പോൾ ഉള്ള അവസ്ഥയിൽ പൂർണ്ണമായും ആലപ്പുഴ ജില്ലാ പഞ്ചായത്തിന് വിട്ട് നൽകുവാൻ കോർപ്പറേഷൻ തയ്യാറാണെന്നും ജില്ലാ പഞ്ചായത്ത് അറിയിക്കുന്ന ദിവസം യൂണിറ്റിന്റെ താക്കോൽ സെക്രട്ടറിക്ക് കൈമാറാൻ തയ്യാറാണെന്നും അറിയിച്ചുകൊണ്ട് ജില്ലാ പഞ്ചായത്ത് സെക്രട്ടറിക്ക് 29.08.2013, 24.09.2013 തീയതികളിലെ ഇതേ നമ്പർ കത്തുകൾ

പ്രകാരം മറുപടി നൽകിയിരുന്നു. ജില്ലാ പഞ്ചായത്തിൽ നിന്നും ഇതു സംബന്ധിച്ച യാതൊരു മറുപടിയും പിന്നീട് ലഭിച്ചിരുന്നില്ല. എന്നാൽ സൂചന (3) കത്ത് പ്രകാരം സൂചന (1) തീരുമാനത്തിൽ നിന്ന് വ്യത്യസ്തമായി വികലാംഗ സഹായ ഉപകരണ നിർമ്മാണ യൂണിറ്റ് പ്രവർത്തിച്ചിരുന്ന ഖാദി ഗ്രാമവ്യവസായ ബോർഡിന്റെ കെട്ടിടത്തിന്റെ താക്കോൽ തിരികെ ഏൽപ്പിക്കണമെന്നും കൂടാതെ ഈ സ്ഥാപനം പ്രവർത്തിക്കുന്നതിനുള്ള സ്ഥല സൗകര്യം മുഹമ്മ പഞ്ചായത്തിൽ ലഭ്യമാണെന്നും ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അറിയിച്ചിരുന്നു. ആയത് 03.08.2017 - ൽ കൂടിയ കോർപ്പറേഷന്റെ 187 -ാം മത്തെ ഡയറക്ടർ ബോർഡ് യോഗം ചർച്ച ചെയ്യുകയും, താക്കോൽ ജില്ലാ പഞ്ചായത്തിന് തിരികെ നൽകാനും മുഹമ്മ ഗ്രാമപഞ്ചായത്തിൽ വേറെ സ്ഥലം ജില്ലാ പഞ്ചായത്ത് നൽകുകയാണെങ്കിൽ ആലപ്പുഴയിലെ നിലവിലുള്ള ഉപകരണ നിർമ്മാണ യൂണിറ്റ് മാറ്റി സ്ഥാപിച്ച് പ്രവർത്തന യോഗ്യമാക്കുവാൻ തീരുമാനിക്കുകയും ചെയ്തു. ഇക്കാര്യം ജില്ലാ പഞ്ചായത്തിനെ അറിയിച്ചിരുന്നെങ്കിലും തുടർന്ന് ജില്ലാ പഞ്ചായത്തിൽ നിന്നും യാതൊരു മറുപടിയും കോർപ്പറേഷനിൽ ലഭ്യമായിട്ടില്ല എന്നുള്ള വിവരം അറിയിക്കുന്നു.

വിശ്വസ്തതയോടെ,

മാനേജിംഗ് ഡയറക്ടർ.

ഉള്ളടക്കം:-

സൂചന കത്തുകൾ

Jasmin Thomas

സെക്ഷൻ ക്ലാർക്ക്